# അധ്യായം – 6
# സുരക്ഷയും ചികിത്സയും

## PART - A

പഠനലക്ഷ്യം : പ്രതിരോധ വൈകല്യങ്ങളും അമിത പ്രതിരോധവും രോഗകാരണമാകുന്നുവെന്ന ധാരണ കൈവരിക്കുന്നതിന്.

**ചോദ്യം : 6 : 1**

പദജോഡികളുടെ ബന്ധം മനസ്സിലാക്കി വിട്ടഭാഗം പൂരിപ്പിക്കുക

സ്വയം പ്രതിരോധവൈകല്യം : വാതപ്പനി :: അമിത പ്രതിരോധം : .................................. Time - 1 min
Score - 1

പഠനലക്ഷ്യം : - ശരീരത്തിനുള്ളിലെത്തുന്ന രോഗാണുക്കളെ പ്രതിരോധിക്കുന്ന വിവിധ സംവിധാനങ്ങളെ സംബന്ധിച്ച സാമാന്യ ധാരണ കൈവരിക്കുന്നതിന്.

**ചോദ്യം : 6 : 2**

ഗോവവസൂരി രോഗം ബാധിച്ച് സുഖപ്പെട്ട ഗ്രാമീണകർഷകർക്ക് വസൂരിരോഗം ബാധിക്കുന്നില്ല എന്ന നിരീക്ഷണമാണ് എഡ്വേർഡ് ജന്നറെ വസൂരിവാക്സിന്റെ കണ്ടെത്തലിലേക്ക് നയിച്ചത്. ഈ കർഷകർക്ക് വസൂരിബാധിക്കാതിരിക്കാൻ എന്തായിരിക്കാം കാരണം? Time - 1 min
Score - 1

## PART - B

പഠനലക്ഷ്യം : - പ്രതിരോധവൽക്കരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെട്ട് ദേശീയ പ്രതിരോധവൽക്കരണ പ്രവർത്തനങ്ങളോട് അനുകൂല മനോഭാവം രൂപപ്പെടുന്നതിന്.

**ചോദ്യം : 6 : 3**

രോഗാണുക്കളെ വാക്സിനുകളായി ഉപയോഗിക്കുന്നുണ്ടല്ലോ. അപ്പോൾ വാക്സിനേഷൻ മൂലം രോഗം ഉണ്ടാവുകയില്ലേ? അനീഷിന്റെ ഈ സംശയത്തിന് നിങ്ങൾ ശാസ്ത്രീയമായി എന്ത് വിശദീകരണം നൽകും?
Time - 2 min
Score - 2

പഠനലക്ഷ്യം : - പ്രതിരോധ വൽക്കരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെട്ട് ദേശീയ പ്രതിരോധവൽക്കരണ പ്രവർത്തനങ്ങളോട് അനുകൂല മനോഭാവം രൂപപ്പെടുന്നതിന്.

**ചോദ്യം : 6 : 4**

ചിലരോഗങ്ങൾ ചുവടെത്തന്നിരിക്കുന്നു. അവയ്ക്കെതിരെ നൽകാവുന്ന വാക്സിനുകളുടെ പേരെഴുതുക.




Time - 2 min
Score - 2

പഠനലക്ഷ്യം : - പ്രതിരോധ വൽക്കരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെട്ട് ദേശീയ പ്രതിരോധവൽക്കരണ പ്രവർത്തനങ്ങളോട് അനുകൂല മനോഭാവം രൂപപ്പെടുന്നതിന്.

**ചോദ്യം : 6 : 5**

രോഗങ്ങളും അവയ്ക്കെതിരെയുള്ള വാക്സിനുകളുമായി ബന്ധപ്പെട്ട ചിത്രീകരണം ഉചിതമായി പൂർത്തിയാക്കുക.




Time - 2 min
Score - 2

പഠനലക്ഷ്യം : - പ്രതിരോധ വൈകല്യങ്ങളും അമിത പ്രതിരോധവും രോഗകാരണമാകുന്നു വെന്ന ധാരണ കൈവരിക്കുന്നതിന്.

**ചോദ്യം : 6 : 6**

വാതപ്പനി രോഗാണുമൂലമാണുണ്ടാകുന്നതെന്ന് ഖമറുന്നിസ അഭിപ്രായപ്പെട്ടു. ഈ പ്രസ്താവനയെ വിലയിരുത്തി നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.

Time - 2 min
Score - 2

പഠനലക്ഷ്യം : - അവയവദാനത്തിന്റെ പ്രാധാന്യവും മാഹാത്മ്യവും മനസ്സിലാക്കി അവയോട് അനുകൂല മനോഭാവം രൂപപ്പെടുത്തുന്നതിന്.

**ചോദ്യം : 6 : 7**

താഴെപ്പറയുന്നവയിൽ ജീവിച്ചിരിക്കുമ്പോൾ ദാനം ചെയ്യാവുന്ന അവയവങ്ങൾ എടുത്തെഴുതുക.

കണ്ണ്
ത്വക്ക്
കരൾ
ഹൃദയം
വൃക്ക
ശ്വാസകോശം
രക്തക്കുഴൽ

Time - 2 min
Score - 2

പഠനലക്ഷ്യം : -മനുഷ്യശരീരത്തിനുള്ളിലേക്ക് രോഗാണുക്കൾ പ്രവേശിക്കുന്നത് തടയുന്ന സുരക്ഷാസംവിധാനങ്ങൾ തിരിച്ചറിയുന്നതിന്.

**ചോദ്യം : 6 : 8**

ചിത്രീകരണം നിരീക്ഷിച്ച് താഴെപറയുന്നവയ്ക്ക് ഉത്തരമെഴുതുക.



a) മനുഷ്യ ശരീരത്തിലെ ശരാശരി ഊഷ്മാവ് എത്ര?

b) ശരീരോഷ്മാവ് ഉയരുന്നത് ശരീരത്തെ എങ്ങനെ ബാധിക്കും?

c) ശരീരത്തിന്റെ താപനില ഉയരുന്നത് (പനി) ഒരു രോഗമാണോ?

Time - 3 min

Score - 2

പഠനലക്ഷ്യം : മനുഷ്യശരീരത്തിനുള്ളിലേക്ക് രോഗാണുക്കൾ പ്രവശിക്കുന്നത് തടയുന്ന സുരക്ഷാ സംവിധാനങ്ങൾ തിരിച്ചറിയുന്നതിന്.

**ചോദ്യം : 6 : 9**

താഴെ തന്നിരിക്കുന്ന സൂചനകൾ പരിശോധിച്ച് അതിന് അനുയോജ്യമായ അവയവം എതാണെന്ന് തിരിച്ചറിഞ്ഞ് എഴുതുക.

a) ഇവിടെ കാണുന്ന മെഴുക് പോലുള്ള പദാർത്ഥത്തിന് അണുനാശകശേഷിയുണ്ട്.

b) ഈ അവയവത്തെ നനയ്ക്കുകയും ഇടയ്ക്കിടെ കഴുകുകയും ചെയ്യുന്ന ദ്രാവകത്തിൽ ലൈസോസൈം എന്ന ഒരു അണുനാശിനി അടങ്ങിയിട്ടുണ്ട്.

Time - 2 min
Score - 2

പഠനലക്ഷ്യം : - ശരീരത്തിനുള്ളിലെത്തുന്ന രോഗാണുക്കളെ പ്രതിരോധിക്കുന്ന വിവിധ സംവിധാനങ്ങളെ സംബന്ധിച്ച സാമാന്യ ധാരണ കൈവരിക്കുന്നതിന്.

**ചോദ്യം : 6 : 10**

നാലുപേർ കുടിവെള്ളം ഉപയോഗിക്കുന്നരീതി ചുവടെചേർക്കുന്നു.

| | | |
|---|---|---|
| രമ്യ | : | തിളപ്പിച്ച വെള്ളത്തിൽ പച്ചവെള്ളം ചേർത്ത് കുടിക്കുന്നു. |
| രാകേഷ് | : | ഫ്രിഡ്ജിൽ സൂക്ഷിച്ച വെള്ളം കുടിക്കുന്നു. |
| ശ്രുതി | : | പൊതുടാപ്പിലെ വെള്ളം അതേപടി ഉപയോഗിക്കുന്നു. |
| ഹേമന്ത് | : | തിളപ്പിച്ചാറിയ വെള്ളം ഉപയോഗിക്കുന്നു. |

a) ഇവരിൽ ആരുടെയെല്ലാം ശീലമാണ് അഭികാമ്യം? എന്തുകൊണ്ട്?

b) മറ്റുള്ളവരുടെ ശീലത്തെ ബാക്ടീരിയയുടെ പെരുകൽ എന്ന പാഠഭാഗവുമായി ബന്ധപ്പെടുത്തി വിലയിരുത്തുക.

Time - 2 min
Score - 2

പഠനലക്ഷ്യം : - ചികിത്സയുടെ ആവശ്യകത ബോധ്യപ്പെടുന്നതിനും വിവിധ ചികിത്സാരീതികൾ, നൂതന രോഗനിർണയോപാധികൾ, ഔഷധങ്ങൾ എന്നിവയെ സാമാന്യമായി പരിചയപ്പെടുന്നതിനും സ്വയം ചികിത്സയുടെ അപകടങ്ങൾ തിരിച്ചറിയുന്നതിനും.

**ചോദ്യം : 6 : 11**

പ്രകൃതി ജീവനപ്രചാരകനായ പ്രകാശ്ബാബുവിന്റെ ക്ലാസിൽ പങ്കെടുത്ത രാജൻ ജീവനാശിനികളായ ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കാനേ പാടില്ല എന്ന് അഭിപ്രായപ്പെടുകയുണ്ടായി.

a) രാജന്റെ ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്?

Time - 2 min
Score - 2

പഠനലക്ഷ്യം : ശരീരത്തിനുള്ളിലെത്തുന്ന രോഗാണുക്കളെ പ്രതിരോധിക്കുന്ന വിവിധ സംവിധാനങ്ങളെ സംബന്ധിച്ച സാമാന്യധാരണ കൈവരിക്കുന്നതിന്.

**ചോദ്യം : 6 : 12**

ചുവടെ നൽകിയിരിക്കുന്ന ചിത്രീകരണം നിരീക്ഷിക്കൂ.




a) ഇത് ഏത് പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു?

b) a, b, c എന്നിവ പൂരിപ്പിക്കുക.

Time - 4 min
Score - 2

പഠനലക്ഷ്യം : - എയ്ഡ്സ് രോഗത്തിന്റെ കാരണം, പകർച്ചാരീതി എന്നിവയെസംബന്ധിച്ച ധാരണ മെച്ചപ്പെടുത്തി രോഗമുണ്ടാകുന്ന സാഹചര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കുന്നതിനുള്ള മനോഭാവം രൂപപ്പെടുന്നതിനും എച്ച്.ഐ.വി. ബാധിതരോട് അനുതാപം രൂപപ്പെടുന്നതിനും.

**ചോദ്യം : 6 : 13**

ഒരു രോഗത്തിന്റെ ലക്ഷണങ്ങൾ താഴെകൊടുത്തിരിക്കുന്നു.

| |
|---|
| ശരീരത്തിന്റെ പ്രതിരോധശേഷി ക്രമേണ കുറയുന്നു. നിസ്സാരരോഗങ്ങൾ പോലും ഗുരുതരമാകുന്നു. |

a) ഈ രോഗം ഏതാണ്?

b) ഈ രോഗം മൂലം ശരീരത്തിന്റെ പ്രതിരോധശേഷി കുറയാൻ കാരണമെന്ത്? Time - 2 min

Score - 2

പഠനലക്ഷ്യം : - ശരീരത്തിനുള്ളിലെത്തുന്ന രോഗാണുക്കളെ പ്രതിരോധിക്കുന്ന വിവിധ സംവിധാനങ്ങളെ സംബന്ധിച്ച സാമാന്യ ധാരണ കൈവരിക്കുന്നതിന്.

**ചോദ്യം : 6 : 14**

“ഫൈബ്രിൻതന്തുക്കൾ നേരിയകണ്ണികൾ രൂപപ്പെടുത്തുകയും അരുണരക്താണുക്കളും പ്ലേറ്റ്ലറ്റുകളും ഈ വലക്കണ്ണികളിൽ കുടുങ്ങി രക്തക്കട്ട രൂപപ്പെടുകയും ചെയ്യുന്നു”

രക്തക്കട്ട രൂപീകരണം എന്ന ആശയത്തെപ്പറ്റിയുള്ള സംഘചർച്ചക്കിടെ മേൽപ്പറഞ്ഞ പാഠഭാഗം വായിച്ചപ്പോൾ ഷെറീഫ് ഒരു സംശയം ഉന്നയിച്ചു.

“താരതമ്യേന വലുപ്പം കൂടുതലുള്ള ശ്വേതരക്താണുക്കൾ എന്തുകൊണ്ടാണ് ഈ വലക്കണ്ണികളിൽ കുടുങ്ങാത്തത്? എന്ത് വിശദീകരണമാണ് ഇതിന് നിങ്ങൾ നൽകുക? Time - 3 min

Score - 2

---

## PART - C

പഠനലക്ഷ്യം : - ശരീരത്തിനുള്ളിലെത്തുന്ന രോഗാണുക്കളെ പ്രതിരോധിക്കുന്ന വിവിധ സംവിധാനങ്ങളെ സംബന്ധിച്ച സാമാന്യ ധാരണ കൈവരിക്കുന്നതിന്.

**ചോദ്യം : 6 : 15**

തലയിടിച്ചുവീണ ഷെറിന്റെ തലയിൽ മുഴയുണ്ടായി.

a) ഈ പ്രവർത്തനം ശരീരത്തിന് ഗുണകരമാണോ? എന്തുകൊണ്ട്?

b) ഇത്തരം പ്രവർത്തനത്തിന് പറയുന്ന പേരെന്ത്?

c) രോഗപ്രതിരോധത്തിന് ഈ പ്രവർത്തനം സഹായകരമാകുന്നതെങ്ങനെ? Time - 3 min

Score - 3

പഠനലക്ഷ്യം : ശരീരത്തിനുള്ളിൽ രോഗാണുക്കളെ പ്രതിരോധിക്കുന്ന വിവിധ സംവിധാനങ്ങളെ സംബന്ധിച്ച സാമാന്യധാരണ കൈവരിക്കുന്നതിന്.

**ചോദ്യം : 6 : 16**

ശരീരത്തിലെ സുരക്ഷാസംവിധാനവുമായി ബന്ധപ്പെട്ട ഫ്ളോചാർട്ടാണ് നൽകിയിരിക്കുന്നത് നിരീക്ഷിക്കൂ.

ന്യൂട്രോഫിൽ ബാക്ടീരിയയ്ക്ക് സമീപമെത്തുന്നു

↓

a.

↓

b.

↓

ലൈസോസോമിലെ എൻസൈമുകൾ ബാക്ടീരിയയെ സമീപിക്കുന്നു

a) ഫ്ളോചാർട്ട് പൂർത്തിയാക്കുക.

b) ഈ പ്രവർത്തനത്തിന് പറയുന്ന പേരെന്ത്? Time - 3 min

Score - 3

പഠനലക്ഷ്യം : മനുഷ്യശരീരത്തിനുള്ളിലേക്ക് രോഗാണുക്കൾ പ്രവേശിക്കുന്നത് തടയുന്ന സുരക്ഷാ സംവിധാനങ്ങൾ തിരിച്ചറിയുന്നതിന്.

**ചോദ്യം : 6 : 17**

നൽകിയിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിക്കൂ.

A B C D



a) ഇത് ഏത് പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു?

b) ചിത്രങ്ങൾ വിശകലനം ചെയ്ത് അനുയോജ്യമായ നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.

Time - 3 min

Score - 3

പഠനലക്ഷ്യം : - എയ്ഡ്സ് രോഗത്തിന്റെ കാരണം, പകർച്ചാരീതി എന്നിവയെസംബന്ധിച്ച ധാരണ മെച്ചപ്പെടുത്തി രോഗമുണ്ടാകുന്ന സാഹചര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കുന്നതിനുള്ള മനോഭാവം രൂപപ്പെടുന്നതിനും എച്ച്.ഐ.വി. ബാധിതരോട് അനുതാപം രൂപപ്പെടുന്നതിനും.

**ചോദ്യം : 6 : 18**

പത്രവാർത്ത നിരീക്ഷിച്ച് ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

> എയ്ഡ്സ് രോഗബാധയുള്ള കുട്ടികൾക്ക്
> സ്കൂൾ പ്രവേശനം നിഷേധിച്ചു

a) എയ്ഡ്സ് ഒരു പകർച്ചവ്യാധിയാണോ? എന്തുകൊണ്ട്?

b) സ്കൂൾ അധികൃതരുടെ ഈ സമീപനത്തോട് നിങ്ങളുടെ പ്രതികരണമെന്ത്? ന്യായീകരണം നൽകുക.

Time - 3 min
Score - 4

പഠനലക്ഷ്യം : ചികിത്സയുടെ ആവശ്യകത ബോധ്യപ്പെടുന്നതിനും വിവിധ ചികിത്സാരീതികൾ, നൂതന രോഗനിർണയോപാധികൾ, ഔഷധങ്ങൾ എന്നിവയെ സാമാന്യമായി പരിചയപ്പെടുന്നതിനും സ്വയം ചികിത്സയുടെ അപകടങ്ങൾ തിരിച്ചറിയുന്നതിനും.

**ചോദ്യം : 6 : 19**

രോഗങ്ങൾക്കെതിരെ പ്രയോഗിക്കാവുന്ന രണ്ട് രീതികൾ താഴെ നൽകിയിരിക്കുന്നു.

a) ആന്റിബയോട്ടിക്കുകൾ (b) വാക്സിനുകൾ

i) ഈ രണ്ട് രീതികളും തമ്മിലുള്ള പ്രധാനവ്യത്യാസം എന്ത്?

ii) ഇവയ്ക്ക് ഓരോ ഉദാഹരണങ്ങൾ നൽകുക.

iii) ഈ രണ്ട് രീതികളെക്കുറിച്ചുമുള്ള ബോധവൽക്കരണ പ്രവർത്തനത്തിനായി രണ്ട് പ്ലക്കാർഡുകൾ നിർമ്മിക്കുക.

Time - 2 min
Score - 3

പഠനലക്ഷ്യം : - എയ്ഡ്സ് രോഗത്തിന്റെ കാരണം, പകർച്ചാരീതി എന്നിവയെ സംബന്ധിച്ച് ധാരണ മെച്ചപ്പെടുത്തി രോഗമുണ്ടാക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും മനോഭാവം രൂപപ്പെടുത്തുന്നതിനും എച്ച്.ഐ.വി. ബാധിതരോട് അനുതാപം രൂപപ്പെടുന്നതിനും.

**ചോദ്യം : 6 : 20**

സൂചനകൾക്കനുസരിച്ച് പൂരിപ്പിക്കുക




Time - 3 min
Score - 4

പഠനലക്ഷ്യം : - ചികിത്സയുടെ ആവശ്യകത ബോധ്യപ്പെടുന്നതിനും വിവിധ ചികിത്സാ രീതികൾ, നൂതന നിർണയോപധികൾ, ഔഷധങ്ങൾ എന്നിവയെ സാമാന്യമായ പരിചയപ്പെടുന്നതിനും സ്വയം ചികിത്സയുടെ അപടകങ്ങൾ തിരിച്ചറിയുന്നതിനും.

**ചോദ്യം : 6 : 21**

സൂചനകൾക്കനുസരിച്ച് പൂരിപ്പിക്കുക




Time - 3 min
Score - 3

പഠനലക്ഷ്യം : - ശരീരത്തിനുള്ളിലെത്തുന്ന രോഗാണുക്കളെ പ്രതിരോധിക്കുന്ന വിവിധ സംവിധാനങ്ങളെ സംബന്ധിച്ച സാമാന്യ ധാരണ കൈവരിക്കുന്നതിന്.

പഠനലക്ഷ്യം : -പ്രതിരോധവൽക്കരണത്തിന്റെ പ്രാധാന്യം മെച്ചപ്പെടുത്തുന്നതിന്.

**ചോദ്യം : 6 : 22**

ബോക്സിൽ തന്നിരിക്കുന്ന പദങ്ങളുടെ ബന്ധം കണ്ടെത്തി ജോഡി ചേർത്തെഴുതുക.

| |
|---|
| പോളിയോ, കരൾവീക്കം, ടെറ്റനസ്, DPT, MMR, OVP, ക്ഷയം, മുണ്ടിനീര്, BCG, ഹെപ്പറ്റൈറ്റിസ് വാക്സിനുകൾ, പെൻസിലിൻ. |

**മാതൃക**

- പോളിയോ – OPV
-
-
-
-

Time - 4 min
Score - 4

.പഠനലക്ഷ്യം : - രക്തനിവേശനം, അവയവദാനം എന്നിവയുടെ പ്രാധാന്യവും മാഹാത്മ്യവും മനസ്സിലാക്കി അവയോട് അനുകൂല മനോഭാവം രൂപപ്പെടുന്നതിനും പ്രഥമശുശ്രൂഷയെപ്പറ്റി കൂടുതൽ അറിയുന്നതിനും.

**ചോദ്യം : 6 : 23**

ഓരോ രക്തഗ്രൂപ്പിലെയും ആന്റിജൻ, ആന്റിബോഡി എന്നിവയെപ്പറ്റിയുള്ള പട്ടിക താഴെ കൊടുത്തിരിക്കുന്നു. വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കുക.

| രക്തഗ്രൂപ്പ് | ആന്റിജൻ | ആന്റിബോഡി |
|---|---|---|
| A | ............. (1) | Anti - b |
| B | B | ............. (2) |
| ............. (3) | ..............(4) | ഇല്ല |
| ............. (5) | ഇല്ല | ............. (6) |

Time - 2 min
Score - 3

പഠനലക്ഷ്യം : ചികിത്സയുടെ ആവശ്യകത ബോധത്യപ്പെടുന്നതിനും വിവിധ ചികിത്സാരീതികൾ, നൂതന രോഗനിർണയോപാധികൾ, ഔഷധങ്ങൾ എന്നിവയെ സാമാന്യമായി പരിചയപ്പെടുന്നതിനും സ്വയം ചികിത്സയുടെ അപകടങ്ങൾ തിരിച്ചറിയുന്നതിനും.

**ചോദ്യം : 6 : 24**

മൂന്നു രോഗികളുടെ രോഗലക്ഷണങ്ങൾ തന്നിരിക്കുന്നു. ഇവരുടെ രോഗം തിരിച്ചറിഞ്ഞ് ഇതിന്റെ ചികിത്സയ്ക്കായി മെഡിക്കൽകോളേജിലെ ഏത് വിഭാഗത്തെയാണ് സമീപിക്കേണ്ടതെന്ന് എഴുതുക.

അനിൽ, വയസ്സ് : 25

കലങ്ങിയതും കടുംനിറത്തോടുകൂടിയതുമായ മൂത്രം, പുറംവേദനയും പനിയും, മുഖത്തും കണങ്കാലിലും പാദത്തിലും നീർവീക്കം.

സൗമ്യ, വയസ്സ് : 52

നേത്രലെൻസ് അതാര്യമാകുന്നത് മൂലം കാഴ്ചശക്തി ക്രമേണ നഷ്ടപ്പെടുന്നു.

ജോൺ, വയസ്സ് : 18

നിയന്ത്രണാതീതമായ തുടരെത്തുടരെയുള്ള പേശീ സങ്കോചം മൂലമുള്ള സന്നി, അബോധാവസ്ഥ, വായിൽ നിന്ന് നുരയും പതയും വരിക

Time - 3 min
Score - 3

പഠനലക്ഷ്യം : ചികിത്സയുടെ ആവശ്യകത ബോധ്യപ്പെടുന്നതിനും വിവിധ ചികിത്സാരീതികൾ, നൂതന രോഗനിർണയോപാധികൾ, ഔഷധങ്ങൾ എന്നിവയെ സാമാന്യമായി പരിചയപ്പെടുന്നതിനും സ്വയം ചികിത്സയുടെ അപകടങ്ങൾ തിരിച്ചറിയുന്നതിനും.

**ചോദ്യം : 6 : 25**

തന്നിരിക്കുന്ന പ്രസ്താവനകളുമായി ബന്ധപ്പെട്ട ചികിത്സാരീതി ബോക്സിൽ നിന്നും കണ്ടെത്തി എഴുതുക.

a) രോഗത്തിന് കാരണമാകുന്ന വസ്തുവിന് തന്നെ രോഗശമനമുണ്ടാക്കാനും കഴിയുന്നു.

b) രോഗനിർണയം, രോഗചികിത്സ, മരുന്നുകൾ എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന ചികിത്സാരീതി.

c) ശരീരത്തെ സുസജ്ജമായി പരിപാലിക്കാനുള്ള ഒരു ജീവിതചര്യ.

അക്യുപങ്ചർ
ആയുർവേദം
അലോപ്പതി
ഹോമിയോപ്പതി

Time - 2 min
Score - 3

പഠനലക്ഷ്യം : -മനുഷ്യശരീരത്തിനുള്ളിലേക്ക് രോഗാണുക്കൾ പ്രവേശിക്കുന്നത് തടയുന്ന സുരക്ഷാസംവിധാനങ്ങൾ തിരിച്ചറിയുന്നതിന്, ശരീരത്തിനുള്ളിലെത്തുന്ന രോഗാണുക്കളെ പ്രതിരോധിക്കുന്ന വിവിധ സംവിധാനങ്ങളെ സംബന്ധിച്ച സാമാന്യധാരണ കൈവരിക്കുന്നതിന്.

**ചോദ്യം : 6 : 26**

അനുയോജ്യമായ വിധത്തിൽ പട്ടിക പൂർത്തിയാക്കുക.

| **പ്രതിരോധസംവിധാനം** | **കാണപ്പെടുന്ന ഭാഗം** |
|---|---|
| A. അണുനാശകശേഷിയുള്ള മെഴുക് പദാർത്ഥം | A ................................................... |
| B. ................................................................................... | B ആമാശയം |
| C. ഈ അവയവത്തെ നനയ്ക്കുകയും ഇടയ്ക്കിടെ കഴുകുകയും ചെയ്യുന്ന ദ്രാവകത്തിൽ ലൈസോസൈം എന്ന അണുനാശിനി അടങ്ങിയിരിക്കുന്നു. | C ................................................... |
| D. ................................................................................... | D ത്വക്ക് |

Time - 2 min
Score - 4

പഠനലക്ഷ്യം : ചികിത്സയുടെ ആവശ്യകത ബോധ്യപ്പെടുന്നതിനും വിവിധ ചികിത്സാരീതികൾ, നൂതന രോഗനിർണയോപാധികൾ, ഔഷധങ്ങൾ എന്നിവയെ സാമാന്യമായി പരിചയപ്പെടുന്നതിനും, സ്വയം ചികിത്സയുടെ അപകടങ്ങൾ തിരിച്ചറിയുന്നതിനും.

**ചോദ്യം : 6 : 27**

A കോളത്തിനു സമാനമായി B, C കോളങ്ങളിലെ വസ്തുതകൾ ക്രമീകരിച്ചെഴുതുക.

| A | B | C |
|---|---|---|
| 1) ഓഫ്താൽമോളജി | a ഹൃദയചികിത്സ | i റേഡിയേഷൻ |
| 2) യൂറോളജി | b നേത്രരോഗചികിത്സ | ii ഡയാലിസിസ് |
| 3) കാർഡിയോളജി | c കാൻസർ രോഗചികിത്സ | iii ബൈപാസ്സ് സർജറി |
| | d മൂത്രാശയരോഗചികിത്സ | iv കെരാറ്റോ പ്ലാസ്റ്റി |

Time - 2 min
Score - 3

പഠനലക്ഷ്യം : ചികിത്സയുടെ ആവശ്യകത ബോധ്യപ്പെടുന്നതിനും വിവിധ ചികിത്സാരീതികൾ, നൂതന രോഗനിർണയോപാധികൾ, ഔഷധങ്ങൾ എന്നിവയെ സാമാന്യമായി പരിചയപ്പെടുന്നതിനും, സ്വയം ചികിത്സയുടെ അപകടങ്ങൾ തിരിച്ചറിയുന്നതിനും.

**ചോദ്യം : 6 : 28**

രോഗനിർണയത്തിനും ചികിത്സയ്ക്കും ഉപയോഗിക്കുന്ന നൂതനസാങ്കേതിക വിദ്യകളെപ്പറ്റി ലേഖ തയ്യാറാക്കിയ ശാസ്ത്രപതിപ്പിലെ ഒരു വരി ഇങ്ങനെയാണ്.

“ഒരു ജീവിയുടെ ജനിതകഘടനയിൽ ഇച്ഛാനുസരണം മാറ്റം വരുത്താനുള്ള സാങ്കേതിക വിദ്യയാണിത്”.

a) ഏത് സാങ്കേതികവിദ്യയാണ് ഇവിടെ പ്രതിപാദിക്കുന്നത്?

b) ജനിതകഘടനയെ മാറ്റംവരുത്തിയ ജീവികൾക്ക് പറയുന്ന പേരെന്ത്?

c) ഈ സങ്കേതികവിദ്യയുടെ രണ്ട് ഗുണങ്ങളും രണ്ട് ദോഷങ്ങളും എഴുതുക

Time - 2 min
Score - 3

പഠനലക്ഷ്യം : - ശരീരത്തിനുള്ളിലെത്തുന്ന രോഗാണുക്കളെ പ്രതിരോധിക്കുന്ന വിവിധ സംവിധാനങ്ങളെ സംബന്ധിച്ച സാമാന്യ ധാരണ കൈവരിക്കുന്നതിന്.

**ചോദ്യം : 6 : 29**

ചിത്രീകരണം നിരീക്ഷിക്കൂ. ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

a) താപനിലയിൽ ഉണ്ടാകുന്ന വ്യതിയാനവും ബാക്ടീരിയകളുടെ പെരുകലും ഗ്രാഫ് രൂപത്തിൽ ചിത്രീകരിക്കുക.




b) ഫ്രിഡ്ജിൽ വെക്കുന്ന ആഹാരസാധനങ്ങൾ കേടുവരാതിരിക്കുന്നത് എന്തുകൊണ്ടായിരിക്കും?

Time - 3 min
Score - 3

പഠനലക്ഷ്യം : ചികിത്സയുടെ ആവശ്യകത ബോധ്യപ്പെടുന്നതിനും വിവിധ ചികിത്സാരീതികൾ, നൂതന രോഗനിർണയോപാധികൾ, ഔഷധങ്ങൾ എന്നിവയെ സാമാന്യമായി പരിചയപ്പെടുന്നതിനും, സ്വയം ചികിത്സയുടെ അപകടങ്ങൾ തിരിച്ചറിയുന്നതിനും.

**ചോദ്യം : 6 : 30**

ദീർഘനാളായി ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കുന്നവർക്കിടയിൽ നടത്തിയ ഒരു സർവ്വേയിലെ വിവരങ്ങൾ പട്ടികയിൽ നൽകിയിരിക്കുന്നു.

| ഉപയോഗിച്ചവരുടെ എണ്ണം | വൈദ്യനിർദ്ദേശ പ്രകാരം | വൈദ്യനിർദ്ദേശം ഇല്ലാതെ | പാർശ്വഫലങ്ങൾ അനുഭവപ്പെട്ടവർ | ആന്റിബയോട്ടിക്കുകൾ പാർശ്വഫലങ്ങൾ ഉണ്ടാക്കുമെന്ന് അറിവുള്ളവർ |
|---|---|---|---|---|
| 78 | 52 | 26 | 15 | 35 |

a) പട്ടിക വിശകലനം ചെയ്ത് നിങ്ങൾക്ക് രൂപീകരിക്കാൻ കഴിയുന്ന രണ്ട് നിഗമനങ്ങൾ എഴുതുക?

b) നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ മുന്നോട്ടുവെയ്ക്കുന്ന രണ്ട് നിർദ്ദേശങ്ങൾ എഴുതുക.

c) ഏതെങ്കിലും രണ്ട് ആന്റിബയോട്ടിക്കുകളും അവയുടെ പാർശ്വഫലങ്ങളും എഴുതുക.

Time - 3 min
Score - 4

പഠനലക്ഷ്യം : – രക്തനിവേശനം, അവയവദാനം എന്നിവയുടെ പ്രാധാന്യവും മാഹാത്മ്യവും മനസ്സിലാക്കി അവയോട് അനുകൂല മനോഭാവം രൂപപ്പെടുന്നതിനും പ്രഥമശുശ്രൂഷയെപ്പറ്റി കൂടുതൽ അറിയുന്നതിനും.

**ചോദ്യം : 6 : 31**

| | | | | |
|---|---|---|---|---|
| ഫിറോസ് | – | 20 വയസ്സ് | : | രക്തഗ്രൂപ്പ് : $A^{-ve}$ |
| ജേക്കബ് | – | 16 വയസ്സ് | : | രക്തഗ്രൂപ്പ് : $A^{+ve}$ |

a) രണ്ടുപേരുടെയും രക്തത്തിലെ ആന്റിജനുകളും ആന്റിബോഡികളും പട്ടികപ്പെടുത്തുക.

b) ജേക്കബിന്റെ രക്തം ഫിറോസിന് നൽകുന്നത് ആശാസ്യമാണോ? എന്തുകൊണ്ട്?

Time - 3 min
Score - 3

പഠനലക്ഷ്യം : ചികിത്സയുടെ ആവശ്യകത ബോധ്യപ്പെടുന്നതിനും വിവിധ ചികിത്സാരീതികൾ, നൂതന രോഗനിർണയോപാധികൾ, ഔഷധങ്ങൾ എന്നിവയെ സാമാന്യമായി പരിചയപ്പെടുന്നതിനും, സ്വയം ചികിത്സയുടെ അപകടങ്ങൾ തിരിച്ചറിയുന്നതിനും.

**ചോദ്യം : 6 : 32**

“അത്യാധുനിക സൗകര്യങ്ങളോടുകൂടിയ മൂന്ന് ആശുപത്രികളാണ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നമ്മുടെ നഗരത്തിൽ തുടങ്ങാനായത്. ഈ നഗരത്തിലെ ജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങക്ക് നിർണ്ണായക പരിഹാരമായി.”

മുനിസിപ്പാലിറ്റിയുടെ വാർഷിക റിപ്പോർട്ടിൽ നിന്നുള്ള ഭാഗമാണിത്.

a) ആശുപത്രികളുടെ എണ്ണം കൂടുന്നത് വികസനസൂചികയാണോ?

b) നഗരത്തിലെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കപ്പെടുമോ? എന്തുകൊണ്ട്?

c) പ്രശ്നപരിഹാരത്തിന് നിങ്ങൾ മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ എന്തെല്ലാം?

Time - 3 min
Score - 3

പഠനലക്ഷ്യം : – മനുഷ്യശരീരത്തിനുള്ളിലേക്ക് രോഗാണുക്കൾ പ്രവേശിക്കുന്നത് തടയുന്ന സുരക്ഷാസംവിധാനങ്ങൾ തിരിച്ചറിയുന്നതിന്, ശരീരത്തിനുള്ളിലെത്തുന്ന രോഗാണുക്കളെ പ്രതിരോധിക്കുന്ന വിവിധ സംവിധാനങ്ങളെ സംബന്ധിച്ച സാമാന്യധാരണ കൈവരിക്കുന്നതിന്.

**ചോദ്യം : 6 : 33**

ചിത്രം നിരീക്ഷിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




a) A, B, C, D എന്നിവ എന്താണ്?

b) A യുടെ പ്രാധാന്യം എന്ത്?

c) ചർമ്മകാന്തി വർദ്ധിപ്പിക്കാനുള്ള കൃത്രിമമാർഗങ്ങൾ ത്വക്കിന്റെ ആരോഗ്യത്തെ എങ്ങിനെ ബാധിക്കുമെന്ന് വിലയിരുത്തുക.

Time - 3 min
Score - 4

പഠനലക്ഷ്യം : – ചികിത്സയുടെ ആവശ്യകത ബോധ്യപ്പെടുന്നതിനും വിവിധ ചികിത്സാരീതികൾ, നൂതന രോഗനിർണയോപാധികൾ, ഔഷധങ്ങൾ എന്നിവയെ സാമാന്യമായി പരിചയപ്പെടുന്നതിനും, സ്വയം ചികിത്സയുടെ അപകടങ്ങൾ തിരിച്ചറിയുന്നതിനും.

**ചോദ്യം : 6 : 34**

ടൈഫോയിഡ് രോഗത്തിന് ചികിത്സയിലായിരുന്ന രാജുവിന് ആന്റിബയോട്ടിക് ഔഷധം കഴിച്ചപ്പോൾ ദഹനസംബന്ധമായ പ്രശ്നങ്ങൾ ഉണ്ടായി.

a) ഇതിന് കാരണം എന്തായിരിക്കും?

b) ആന്റിബയോട്ടിക്ക് മൂലം ഉണ്ടാവാൻ സാധ്യതയുള്ള മറ്റ് ആരോഗ്യപ്രശ്നങ്ങൾ എന്തെല്ലാമാണ്?

Time - 3 min
Score - 3

പഠനലക്ഷ്യം :

**ചോദ്യം : 6 : 35**

ബാക്ടീരിയകളുടെ വംശവർദ്ധനതോത് കാണിക്കുന്ന ഗ്രാഫ് നിരീക്ഷിക്കുക.




a) ഗ്രാഫിൽ സൂചിപ്പിച്ചിട്ടുള്ളതെന്താണ്?

b) സാധാരണഗതിയിൽ ഏതു സാഹചര്യത്തിലാണ് ശരീരതാപനില ഉയരുന്നത്?

c) “തിളപ്പിച്ചാറിയ വെള്ളം കുടിക്കുന്നതാണ് നല്ലത്” – ഈ ഗ്രാഫിന്റെ അടിസ്ഥാനത്തിൽ സാധൂകരിക്കുക.

Score - 3
Time - 3 min

*** *** ***